## 2004–ൽ വിരമിച്ച, ഒമ്പതര വർഷത്തിലധികം സേവനദൈർഘ്യമുള്ള തൊഴിലാളിക്ക് പെൻഷൻ നിരസിച്ചത് റദ്ദാക്കി

### പഞ്ചാബ്–ഹരിയാന ഹൈക്കോടതി

C.W.P. No. 8595/2018 Dt. 19.1.2021

റുൾദു സിങ്

x

റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

1995–ൽ ഇ.പി.എഫ്. പെൻഷൻ പദ്ധതി തുടങ്ങുന്നതിനേക്കാൾ പത്തര മാസം മുമ്പാണ് തൊഴിലാളി സ്ഥാപനത്തിലെ ജോലിയിൽ പ്രവേശിച്ചത്. പെൻഷൻ പദ്ധതി തുടങ്ങി എട്ട് വർഷവും എട്ട് മാസവും 20 ദിവസവും കഴിഞ്ഞപ്പോൾ 2004–ൽ തൊഴിലാളി 58 വയസ്സ് തികഞ്ഞതിനെത്തുടർന്ന് വിരമിച്ചു. പെൻഷൻ പദ്ധതിയിലെ ചട്ടമനുസരിച്ച് പത്തു വർഷത്തെ സേവന ദൈർഘ്യമുള്ള തൊഴിലാളിക്കാണ് പെൻഷൻ ലഭിക്കാൻ അർഹതയുള്ളത്. 1995–നു മുമ്പും പിമ്പുമുള്ള മൊത്തം സേവന ദൈർഘ്യം കണക്കാക്കുമ്പോൾ ആറ് മാസത്തിലധികമുള്ള കാലയളവ് ഒരു വർഷമായി കണക്കാക്കണമെന്നും പെൻഷൻ പദ്ധതിയുടെ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. 2004–ൽ വിരമിച്ച തൊഴിലാളിയുടെ മൊത്തം സേവന കാലയളവ് ഒമ്പത് വർഷവും ഏഴ്മാസവും അഞ്ച് ദിവസവുമാണ്. അതനുസരിച്ച് തൊഴിലാളിയുടെ സേവന ദൈർഘ്യം 10 വർഷമായി കണക്കാക്കാവുന്നതാണ്. അതിനാൽ അയാൾക്ക് ചട്ടപ്രകാരം പെൻഷന് അർഹതയുണ്ട്. 2004–ൽ വിരമിച്ച തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുവേണ്ടി നല്കിയ അപേക്ഷ 2015–ൽ അധികൃതർ തള്ളിക്കളഞ്ഞു. 2009–ലെ ഭേദഗതിയനുസരിച്ചും തുടർന്ന് പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ചും 10 വർഷത്തിൽ താഴെ സേവന ദൈർഘ്യമുള്ള തൊഴിലാളിക്ക് പെൻഷന് അർഹതയില്ലെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് അധികൃതർ തൊഴിലാളിയുടെ അപേക്ഷ നിരസിച്ചത്. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. 2009–ലെ ഭേദഗതിക്ക് മുൻകാല പ്രാബല്യമില്ലെങ്കിലും ഇ.പി.എഫ്.ഒ. 5.11.2009–ൽ പുറപ്പെടുവിച്ച വിജ്ഞാപനം വഴി ഭേദഗതിക്ക് മുൻകാല പ്രാബല്യം നല്കിയിട്ടുണ്ടെന്നും ഒമ്പത് വർഷവും ഏഴ് മാസവും അഞ്ച് ദിവസവും മാത്രം ജോലി ചെയ്ത തൊഴിലാളിയുടെ സേവന ദൈർഘ്യം പത്തുവർഷമായി കണക്കാക്കാനാവില്ലെന്നും ഇ.പി.എഫ്.ഒ. വാദിച്ചു. നിയമ ഭേദഗതിക്ക് വിരുദ്ധമായി പുറപ്പെടുവിച്ച വിജ്ഞാപനം നിയമപ്രകാരം നിലനില്ക്കില്ലെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി തൊഴിലാളിയുടെ സേവന ദൈർഘ്യം പത്ത് വർഷമാണെന്നും 58–ാം വയസ്സിൽ വിരമിച്ചതിനാൽ രണ്ട് വർഷത്തെ വെയ്റ്റേജിന് അർഹതയുണ്ടെന്നും പ്രഖ്യാപിക്കുകയും അതിനനുസരിച്ചുള്ള പെൻഷൻ കണക്കുകൂട്ടി നാല് മാസത്തിനകം 9% പലിശ സഹിതം തൊഴിലാളിക്കു നല്കണമെന്ന് ഇ.പി.എഫ്. അധികൃതർക്ക് നിർദ്ദേശം നല്കുകയും ചെയ്തു.